## ലൈഫ് മിഷൻ കാസറഗോഡ് – ജില്ലാ സംഗമം 25.01.2020
## കുറിപ്പ്

- കേവലം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുക എന്നതിലുപരിയായി ഗുണഭോക്താക്കൾക്ക് മറ്റ് പദ്ധതികളുടെ ആനുകൂല്യങ്ങളും മുന്നോട്ടുള്ള ജീവിതത്തിൽ സ്വന്തമായി തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും ഉറപ്പാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.
- ഈ സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് ആദ്യമായി ഭവന പദ്ധതിക്ക് 4 ലക്ഷം രൂപയായി യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തിയത്.
- ഇതോടൊപ്പം കേരളത്തിൽ നടപ്പിലാക്കുന്ന എല്ലാ ഭവന പദ്ധതികളുടെയും തുക 4 ലക്ഷമായി വർദ്ധിപ്പിക്കുകയും ചെയ്തു.
- പി.എം.എ.വൈ അർബൻ പദ്ധതിയിൽ 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാർ നൽകുമ്പോൾ ബാക്കി വരുന്ന 2.5 ലക്ഷം രൂപ കേരള സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നൽകുന്നു.
- പി.എം.എ.വൈ. റൂറൽ പദ്ധതിയിൽ ഇപ്പോൾ നൽകി വരുന്ന 4 ലക്ഷത്തിൽ 72000 രൂപ മാത്രമാണ് കേന്ദ്ര സർക്കാർ വിഹിതം.
- ഓരോ വീടിനും ഉള്ള ധനസഹായത്തിന് പുറമെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ നൽകി വരുന്നുണ്ട്.
- ഫേസ് 1 (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) ൽ ജില്ലയിൽ കണ്ടെത്തിയ 2936 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 2877 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചു.
- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന പ്രവർത്തനമാണ് ലൈഫ് മിഷൻ രണ്ടാം ഘട്ടം പ്രകാരം നടന്നു വരുന്നത്. ഇത്തരത്തിൽ കാസറഗോഡ് ജില്ലയിൽ ആകെ കണ്ടെത്തിയ അർഹരായ 3738 ഗുണഭോക്താക്കളിൽ 3404 ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും അതിൽ ഈ തീയ്യതിവരെ 2589 ഗുണഭോക്താക്കൾ ഭവന പൂർത്തീകരണം നടത്തിയിട്ടുണ്ട്.
- ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ലൈഫ് പി.എം.എ.വൈ. റൂറൽ പദ്ധതിയിൽ ആകെയുള്ള 583 ഗുണഭോക്താക്കളിൽ 566 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- ജില്ലയിലെ 3 മുനിസിപ്പാലിറ്റികൾ മുഖേന നടപ്പിലാക്കി വരുന്ന ലൈഫ് പി.എം.എ.വൈ അർബൻ പദ്ധതി പ്രകാരം ഇതുവരെയായി 978 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- ജില്ലയിൽ ആകെ ഇതുവരെ 7010 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- ജില്ലയിൽ 694 ഭവനങ്ങൾ റൂഫ് ലെവലിലും 414 ഭവനങ്ങൾ ലിന്റൽ ലെവലിലുമാണ്.
- ഭൂരഹിത ഭവനരഹിതരായ 2730 കുടുംബങ്ങളെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പുനരധിവാസമാണ് നമ്മൾ ഏറ്റെടുക്കാൻ പോകുന്ന ഏറ്റവും ദുഷ്കരമായ പ്രവൃത്തി.

  ഈ ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കാനാണ് സർക്കാർ ആലോചിച്ച് വരുന്നത്. അവർക്കായി

ഏറ്റവും അനുയോജ്യമായ ഭൂമി കണ്ടെത്തി അംഗൻവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ചെറുകിട തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ കൂടി വിഭാവനം ചെയ്തിട്ടുണ്ട്.

- ലൈഫ് പദ്ധതിയിലെ ഭൂമി പരിധി, റേഷൻ കാർഡ് എന്നീ മാനദണ്ഡങ്ങളിൽ എസ്.സി, എസ്.ടി, ഫിഷറീസ് എന്നീ വിഭാഗങ്ങൾക്ക് ഇളവ് വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

  അർഹരായ ഒട്ടേറെ പേർ ഇനിയും ലിസ്റ്റിൽ ഉൾപ്പെടാതെ ഉണ്ടെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ളവരെ ഉൾപ്പെടുത്താനായി സപ്ലിമെന്ററി ലിസ്റ്റ് കൂടി ഉടനെ തന്നെ തയ്യാറാക്കുന്നതാണ്.

- ജില്ലയിലെ എല്ലാ ബ്ലോക്ക്/ മുനിസിപ്പൽതലത്തിൽ നടത്തിയ ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമത്തിലൂടെയും ഇതോടനുബന്ധിച്ച് നടത്തിയ അദാലത്തുകളിലൂടെയും അവർക്കാവശ്യമായ തുടർ സേവനങ്ങൾ ഉറപ്പുവരുത്താനും ജിവിതോപാധികൾ പ്രദാനം ചെയ്യാനും സർക്കാർ പദ്ധതികൾ പരിചയപ്പെടുത്താനും ഉള്ള ഒരു ശ്രമമാണ് സർക്കാർ നടത്തിയത്.

- ജില്ലയിൽ നടത്തിയ അദാലത്തുകളിലൂടെ 1650 അപേക്ഷകളിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.